ഫയൽ നം :ഇ 2/74/2022-റ്റിസി

തീയതി : 03/06/2022

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in | വെബ്: www.mvd.kerala.gov.in | ☎ :0471- 2333317

**പ്രേഷകൻ**

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

**സ്വീകർത്താവ്**

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ
(എൻഫോഴ്സ്മെൻറ്) മാരും,
എല്ലാ ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - സ്പെഷ്യൽ ഡ്രൈവ് - "ഓപ്പറേഷൻ സുരക്ഷാ കവചം" - 2022 ജൂൺ 3 മുതൽ 11 വരെ- സംബന്ധിച്ച്.

സൂചന :- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻറെ 1524/22 നമ്പർ കേസ്.

സംസ്ഥാനത്തെ വിദ്യാലയങ്ങൾ രണ്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷം പൂർണ്ണതോതിൽ പ്രവർത്തനസജ്ജമായി രിക്കുകയാണ്. വിദ്യാലയങ്ങളിലേക്ക് എത്തിച്ചേരുന്നതിന് കുഞ്ഞുങ്ങൾ നിരവധി മാർഗ്ഗങ്ങൾ സ്വീകരിക്കാറുണ്ട്. സ്കൂൾ ബസ്സുകൾ പൊതുഗതാഗത മാർഗ്ഗങ്ങൾ, സ്വകാര്യ വാഹനങ്ങൾ തുടങ്ങിയവയല്ലാതെ സൈക്കിളുകളിലും കാൽനടയായുമൊക്കെ കുട്ടികൾ വിദ്യാലയങ്ങളിൽ എത്തിച്ചേരാറുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പൊതുനിരത്തുകളിൽ കുഞ്ഞുങ്ങളുടെ സുരക്ഷ ഉറപ്പാക്കേണ്ടത് മോട്ടോർ വാഹന വകുപ്പിൻറെ പ്രഥമ ലക്ഷ്യമായി കണക്കാക്കേണ്ടതുണ്ട്.

സ്കൂൾ വാനുകൾ/ബസുകൾ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് നല്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇതിനോടകം തന്നെ നല്കുകയും ആയതിൻറെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം സ്കൂൾ വാഹന പരിശോധയും പരിശീലന പരിപാടികളും മറ്റ് മുന്നൊരുക്കങ്ങളും മോട്ടോർ വാഹന വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. എന്നിരുന്നാലും നിരന്തരമായ നിരീക്ഷണങ്ങളും തുടർ നടപടികളും വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. വകുപ്പിൻറെ അശ്രാന്ത പരിശ്രമങ്ങൾക്കിടയിലും നിയമലംഘനം നടത്തുന്ന നിരവധി വാഹനങ്ങളും ഡ്രൈവർമാരും വിദ്യാർത്ഥികളുമായി യാത്രചെയ്യാനിടയുണ്ട്.

പൊതുഗതാഗത മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന വിദ്യാർഥികൾ നേരിടുന്ന നിരവധി പ്രശ്നങ്ങളുണ്ട്. വിദ്യാർഥികളോടുള്ള ബസ് ജീവനക്കാരുടെ മോശമായ പെരുമാറ്റം (യഥാസമയം ബസിൽ കയറാൻ അനുവദിയ്ക്കാതിരിക്കുക, സീറ്റിൽ ഇരുന്ന് യാത്ര ചെയ്യുന്നതിന് അനുവദിയ്ക്കാതിരിക്കുക, സ്റ്റുഡൻറ്സ് ടിക്കറ്റ് അനുവദിയ്ക്കാതിരിക്കുക തുടങ്ങിയവ) ഇല്ലാതാക്കേണ്ടതുണ്ട്. കൂടാതെ ബസുകളിൽ ഡോർ ഷട്ടർ ഇല്ലാതെ/പ്രവർത്തിപ്പിക്കാതെ സർവ്വീസ് നടത്തുന്ന ബസുകളിൽ നിന്നും ഫുട് ബോർഡിൽ നിർത്തി യാത്ര ചെയ്യിക്കുന്ന ബസുകളിൽ നിന്നുമെല്ലാം വിദ്യാർഥികൾ റോഡിൽ തെറിച്ചുവീണ് അപകടങ്ങൾ സംഭവിക്കാറുണ്ട്. മാത്രവുമല്ല ആട്ടോറിക്ഷകളിൽ കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്നത് മൂലവും അപകടങ്ങൾ സംഭവിക്കാറുണ്ട്. ടിപ്പർ ലോറികളുടെ സ്കൂൾ സമയങ്ങളിലെ സർവ്വീസ് അപകടങ്ങൾ ക്ഷണിച്ചുവരുത്താറുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനും പൊതുനിരത്തുകളിൽ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ഒരു സ്പെഷ്യൽ ഡ്രൈവ് – ഓപ്പറേഷൻ സുരക്ഷാ കവചം – ജൂൺ 3 മുതൽ 11 വരെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. പ്രസ്തുത ഡ്രൈവിൽ താഴെപ്പറയുന്ന നിയമ ലംഘനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും നിയമലംഘകരിൽ നിന്നും പിഴ ഈടാക്കുന്നതിനൊപ്പം ബോധവല്ക്കരണം നടത്തുന്നതിനും നിർദ്ദേശിക്കുന്നു.

1. സേഫ് കേരള എൻഫോഴ്സ്മെൻറ് വിഭാഗത്തിലേയും ആർ.ടി.ഒ/സബ് ആർ.ടി.ഒ ഓഫീസുകളിലേയും ഉദ്യോഗസ്ഥർ പ്രസ്തുത പരിശോധനയിൽ പങ്കെടുക്കേണ്ടതാണ്.
2. രാവിലെ 7.30 മുതൽ 10.00 മണി വരെയും വൈകുന്നേരം 3 മണി മുതൽ 5 മണി വരെയും കൂടുതൽ പരിശോധനകൾ നടത്തേണ്ടതാണ്.
3. ഓരോ വാഹനത്തിലും (സ്കൂൾ ബസ്/ഓട്ടോ/ടാക്സി) നിയമാനുസൃതമായ എണ്ണത്തിൽ കൂടുതൽ വിദ്യാർത്ഥികളെ കൊണ്ടുപോകുന്നതിന് അനുവദിയ്ക്കരുത്.
4. ഓരോ ജില്ലയിലും ടിപ്പർ വാഹനങ്ങൾക്ക് രാവിലേയും വൈകുന്നേരവുമുള്ള നിയന്ത്രണം കർശനമായി നടപ്പിലാക്കണം. നഗരഭാഗങ്ങളിൽ മാത്രമല്ല ഉൾപ്രദേശങ്ങളിലും പരിശോധന കൃത്യമായി നടത്തേണ്ടതാണ്.
5. വാഹനങ്ങളുടെ ക്ഷമത സംബന്ധിച്ച പരിശോധനകൾ, സ്കൂൾ കുട്ടികളെ ഇറക്കിയശേഷം വരുന്ന സമയത്തും ആവശ്യമെങ്കിൽ നടത്താവുന്നതാണ്.
6. ഡ്രൈവർമാരും അറ്റൻഡർമാരും ലഹരി പദാർഥങ്ങൾ ഉപയോഗിച്ചിട്ടുണ്ടോയെന്ന പരിശോധന ട്രിപ്പിനിടയിൽ അധിക സമയം വാഹനം നിർത്തിയിടാതെ നടത്തേണ്ടതാണ്.
7. പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനമോടിക്കുന്ന പക്ഷം വാഹന ഉടമ / രക്ഷകർത്താക്കൾക്കെതിരെയും കർശന നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. വാഹനത്തിലെ അറ്റൻഡൻറ്മാർ കുട്ടികൾ റോഡ് ക്രോസ് ചെയ്യാൻ സഹായിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

9. വാഹനത്തിൽ യാത്രാക്കാരോ കുട്ടികളോ ഉള്ള സമയത്ത് ഇന്ധനം നിറയ്ക്കുക, വേഗപ്പൂട്ട് ഡിസ്കണക്ട് ചെയ്ത് അമിതവേഗത്തിൽ ഓടിയ്ക്കുക, അലക്ഷ്യമായ ഡ്രൈവിംഗ് തുടങ്ങിയവയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.
10. സ്വകാര്യ ബസുകളിൽ വിദ്യാർഥികളെ കയറ്റാതിരിക്കുക, ഒഴിവുള്ള സീറ്റിൽ ഇരിക്കാൻ അനുവദിയ്ക്കാതിരിക്കുക തുടങ്ങിയ നിയമലംഘനങ്ങളും കർശനമായി തടയേണ്ടതാണ്.
11. വാഹന പരിശോധനാ സമയത്തും വാഹനത്തിലുള്ള കുട്ടികളെ പരിഭ്രാന്തരാക്കുന്നതോ അസ്വസ്ഥത ഉണ്ടാക്കുന്നതായോ ആയ യാതൊരുവിധ പെരുമാറ്റങ്ങളും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.
12. ഇത് സംബന്ധിച്ച ഫൈനൽ റിപ്പോർട്ട് നോഡൽ ഓഫീസറോ പ്രതിനിധിയോ ഡ്രൈവ് തീരുന്നതിൻറെ അടുത്ത ദിവസം ട്രാൻസ്പോർട്ട് കമ്മീഷണർക്ക് അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന നേരിട്ട് സമർപ്പിച്ച് വിശദീകരിക്കേണ്ടതാണ്. വിശദമായ റിപ്പോർട്ടിനൊപ്പം അനുബന്ധമായ ഫോട്ടോസ്, വീഡിയോസ്, ആക്ഷൻടേക്കൺ വിവിധ ഏജൻസികൾക്കുള്ള പ്രൊപ്പോസലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

പ്രധാനമായും ശ്രദ്ധചെലുത്തേണ്ട ഫൈനുകളും ഇ-ചെലാനിലെ കോഡുകളും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl no | Offence code | Description |
|---|---|---|
| 1 | 6915 | Not exhibiting "on school duty " in specified manner |
| 2 | 6902 | Failure to stop at bus stops by Stage Carriage. |
| 3 | 6913 | Not exhibiting name and telephone number in EIB |
| 4 | 6914 | Not provided with window horizontal grills in EIB. |
| 5 | 7205 | Side window not provided in specified dimension in EIB. |
| 6 | 7412<br>7410<br>7413 | Driving or causing or allowing to be driven a transport vehicle in any place without valid CF. |
| 7 | 7435<br>7441 | Driving or causing or allowing to be driven a vehicle having permit without payment of tax. |
| 8 | 6996 | Driving or causing or allowing to be driven a vehicle in public place without valid insurance. |

| | | |
|---|---|---|
| 9 | 7009<br>7010 | Not provided with Door shutters as prescribed |
| 10 | 7607 | Drive replenishing fuel tank with passengers |
| 11 | 7073 | Conductor allowing passengers in the vehicle while fuel tank replenished. |
| 12 | 6990 | Windscreen wiper not fitted |
| 13 | 6869 | Driving a motor vehicle without effective DL |
| 14 | 6871 | Causing / permitting a person to drive a motor vehicle who does not hold effective DL |
| 15 | 6981 | Driving or causes/ allows to driven a vehicle which violates standards prescribed in relation to road safety. |
| 16 | 6995 | tampering brake or any part of mechanism of the vehicle |
| 17 | 9662 | Fitting or using an air horn/ multi toned horn. |
| 18 | 6957 | Stop lights not fitted or not glowing |
| 19 | 6953 | Driving without head light or not glowing. |
| 20 | 7061 | Driver not stopping the vehicle for sufficient time to alight passengers. |
| 21 | 7408/7409 | Driving a motor vehicle in contravention to speed limits. |
| 22 | 6987 | Driving at speed or manner which is dangerous to public or to the occupants or other road users. |
| 23 | 6942 | Speed Governor not fitted or tampered. |
| 24 | 7174 | Driving or causing or allowing to be driven a transport vehicle carrying more passengers than authorized in RC / Permit. |

വിശ്വസ്തതയോടെ,

Pramoj Sanker P S
Additional Transport Commissioner

പകർപ്പ് :1 .Senior Deputy Transport Commissioner (Tax) - for strict follow up of the drive

2.TC's Squad - For follow up on a daily basis